**പതിമൂന്നാം കേരള നിയമസഭ**

# സബ്ജക്റ്റ് കമ്മിറ്റി II

## ഭൂനികുതിയും ദേവസ്വവും

2010-11 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന
സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിന്മേലുള്ള
ആക്ഷൻ ടേക്കൺ റിപ്പോർട്ട്

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും
സംബന്ധിച്ച ചട്ടങ്ങളിലെ 236-ാം ചട്ടത്തിന്റെ
(5)-ാം ഉപചട്ടപ്രകാരമുള്ളത്

2011 നവംബർ 4-ാം തീയതി സമർപ്പിച്ചത്

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2011

**പതിമൂന്നാം കേരള നിയമസഭ**

# സബ്ജക്റ്റ് കമ്മിറ്റി II

# ഭൂനികുതിയും ദേവസ്വവും

2010-11 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന
സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിന്മേലുള്ള
ആക്ഷൻ ടേക്കൺ റിപ്പോർട്ട്

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും
സംബന്ധിച്ച ചട്ടങ്ങളിലെ 236-ാം ചട്ടത്തിന്റെ
(5)-ാം ഉപചട്ടപ്രകാരമുള്ളത്

1223/2011.

## ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |

# സബ്ജക്റ്റ് കമ്മിറ്റി II

## ഭൂനികുതിയും ദേവസ്വവും

## (2011-2013)

### ഘടന

<u>അദ്ധ്യക്ഷൻ</u> :

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
റവന്യൂ വകുപ്പുമന്ത്രി.

<u>എക്സ്-ഒഫീഷ്യോ അംഗം</u> :

ശ്രീ. വി. എസ്. ശിവകുമാർ
ഗതാഗതവും ദേവസ്വവും വകുപ്പുമന്ത്രി.

<u>അംഗങ്ങൾ</u> :

ശ്രീ. പി. ബി. അബ്ദുൾ റസാക്

ശ്രീ. ബാബു എം. പാലിശ്ശേരി

ശ്രീ. സി. കെ. നാണു

ശ്രീ. എ. പ്രദീപ്കുമാർ

ശ്രീ. പാലോട് രവി

ശ്രീ. സി. കെ. സദാശിവൻ

ശ്രീ. വി. പി. സജീന്ദ്രൻ

ശ്രീ. എൻ. ഷംസുദ്ദീൻ

ശ്രീ. വി. എസ്. സുനിൽ കുമാർ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

ശ്രീ. പി. ഡി. രാജൻ, സെക്രട്ടറി

ശ്രീ. കെ. സി. ജോസഫ്കുട്ടി, ജോയിന്റ് സെക്രട്ടറി

ശ്രീ. കെ. പ്രിയദർശനൻ, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. രാജു വൈ., അണ്ടർ സെക്രട്ടറി.

## അവതാരിക

ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി II-ന്റെ 2010-2011 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് കേരള നിയമസഭയുടെ നടപടി ക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 236(5) പ്രകാരം സബ്ജക്ട് കമ്മിറ്റി II-ന്റെ ചെയർമാനായ ഞാൻ സമർപ്പിക്കുന്നു.

2010 ഏപ്രിൽ 8-ാം തീയതിയിലെ 4832/Legn.2/2009/Leg. നമ്പർ വിജ്ഞാപനപ്രകാരം സബ്ജക്ട് കമ്മിറ്റി II-ന്റെ പരിധിയിൽ വരുന്ന വിഷയങ്ങൾ ഭൂനികുതിയും ദേവസ്വവുമായി പുനഃസംഘടിപ്പിക്കപ്പെട്ടു. അതുവരെ നിലവിലുണ്ടായിരുന്ന ഭൂനികുതിയും വനവും മത്സ്യബന്ധനവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി II-ന്റെ 2010-2011-ലെ ധനാഭ്യർത്ഥനകളുടെ ശുപാർശകൾ സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ റവന്യൂ, ദേവസ്വം എന്നീ വകുപ്പുകളുമായി ബന്ധപ്പെട്ട ശുപാർശകളിൽ സർക്കാർ സ്വീകരിച്ച നടപടികൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

2011 മാർച്ച് 9-ാം തീയതിയിലും 2011 ഒക്ടോബർ 13-ാം തീയതിയിലും ചേർന്ന യോഗങ്ങളിൽ, 2010-2011 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടിലെ ശുപാർശകളിന്മേൽ സർക്കാരിൽ നിന്നും ലഭിച്ച അനന്തര നടപടി സ്റ്റേറ്റ്മെന്റുകൾ സമിതി പരിഗണിച്ചു.

2011 നവംബർ 3-ന് ചേർന്ന യോഗത്തിൽ ഈ റിപ്പോർട്ട് സമിതി അംഗീകരിച്ചു.

തിരുവഞ്ചൂർ രാധാകൃഷ്ണൻ,
*ചെയർമാൻ,*
*സബ്ജക്ട് കമ്മിറ്റി II.*

തിരുവനന്തപുരം,
2011 നവബർ 4.

# റിപ്പോർട്ട്

ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി II-ന്റെ 2010-11 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിന്മേൽ റവന്യൂ, ദേവസ്വം എന്നീ വകുപ്പുകൾ സ്വീകരിച്ച നടപടികൾ അടങ്ങുന്നതാണ് ഈ റിപ്പോർട്ട്.

സബ്ജക്ട് കമ്മിറ്റി-II (2008-11)ന്റെ 2010-11 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ട് 2010 മേയ് മാസം 3-ാം തീയതി കൂടിയ യോഗത്തിൽ സമിതി അംഗീകരിക്കുകയും 29-6-2010-ന് സഭയിൽ സമർപ്പിക്കുകയും ചെയ്തു. ഈ റിപ്പോർട്ടിൽ ഭൂനികുതി, ദേവസ്വം എന്നിവയെ സംബന്ധിക്കുന്ന 41 ശുപാർശകളാണുള്ളത്. ടി റിപ്പോർട്ടിലെ ശുപാർശകളിൽ അതാത് വകുപ്പിൽ നിന്ന് ലഭ്യമായ നടപടികൾ അടങ്ങുന്ന സ്റ്റേറ്റ്മെന്റുകൾ 9-3-2011, 13-10-2011 എന്നീ തീയതികളിലെ യോഗങ്ങളിൽ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

## സമിതിയുടെ ശുപാർശകളും ഗവൺമെന്റിൽ നിന്നും ലഭിച്ച മറുപടികളും ചുവടെ ചേർക്കുന്നു :

### ശുപാർശ 1

2029-00-001-99-05(4)—മറ്റിനങ്ങൾ

ബഡ്ജറ്റ് വിഹിതം : 6,46,000 രൂപ

ലാന്റ് റവന്യൂ കമ്മീഷണറുടെ കാര്യാലയത്തിന്റെ ദൈനംദിന പ്രവർത്തനങ്ങൾക്കായി ഈ കണക്കിനത്തിൽ വകയിരുത്തിയിരിക്കുന്ന തുക തീർത്തും അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ വിഹിതം 15 ലക്ഷം രൂപയായി ഉയർത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 1)

### സ്വീകരിച്ച നടപടി

ഈ ശീർഷകത്തിൽ 2010-11-ലെ ബഡ്ജറ്റ് വിഹിതം 6,46,000 രൂപയാണ്. 17-1-2011-ലെ ജി.ഒ (ആർറ്റി.) നമ്പർ 387/2011/ഫിൻ. ഉത്തരവിലൂടെ 5,00,000 രൂപ അഡീഷണൽ ഓതറൈസേഷനായി ഈ ശീർഷകത്തിലേക്ക് അനുവദിച്ചിട്ടുണ്ട്.

### ശുപാർശ 2

2029-00-101-99-(04) 1—ടൂർ റ്റി.എ.

ബഡ്ജറ്റ് വിഹിതം : 31,36,000 രൂപ

സംസ്ഥാനത്തൊട്ടാകെയുള്ള വില്ലേജ് ആഫീസ് ജീവനക്കാരുടെ യാത്രാബത്ത ഇനത്തിൽ ബഡ്ജറ്റിൽ വകകൊള്ളിച്ചിരിക്കുന്ന തുക തികച്ചും അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 60 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 2)

സ്വീകരിച്ച നടപടി

സംസ്ഥാനത്തൊട്ടാകെയുള്ള വില്ലേജ് ആഫീസ് ജീവനക്കാരുടെ യാത്രാബത്ത ഇനത്തിൽ 2010-11 ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്നത് 31,36,000 രൂപയാണ്. കൂടുതൽ തുകയൊന്നും ഈ ഇനത്തിൽ അനുവദിച്ച് നൽകിയിട്ടില്ല. തുക അപര്യാപ്ത മായതിനാൽ അധികമായി വേണ്ടിവരുന്ന തുക ടി ഡിമാന്റിലെ മറ്റു ശീർഷകങ്ങളിൽ ബാക്കിവരുന്ന തുകയിൽ കഴിയുന്നത്ര റീ-അപ്രോപ്രിയേഷൻ മുഖേന ലഭ്യമാക്കാവുന്ന താണ്.

ശുപാർശ 3

ജി.ഒ. (ആർറ്റി.) നമ്പർ 931/08/ആർ.ഡി. പ്രകാരം 1-4-2008 മുതൽ കുമിളിയിൽ പ്രവർത്തിച്ചുവരുന്ന അസിസ്റ്റന്റ് കാർഡമം സെറ്റിൽമെന്റ് ഓഫീസിന്റെ ദൈനംദിന പ്രവർത്തനങ്ങൾ, ജീവനക്കാരുടെ ശമ്പളം എന്നിവയ്ക്കായി നാമമാത്രമായ തുകയേ ബഡ്ജറ്റിൽ വകയിരിത്തിയിട്ടുള്ളൂ. ഓഫീസിന്റെ സുഗമമായ പ്രവർത്തനങ്ങൾക്കായി ഒരു വാഹനം വാങ്ങുന്നതിനും ഒരു ഫോട്ടോസ്റ്റാറ്റ് മെഷീൻ ഉൾപ്പെടെ മറ്റ് അനുബന്ധ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും ആവശ്യമായി വരുന്ന തുക ബഡ്ജറ്റിൽ വക യിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 3)

സ്വീകരിച്ച നടപടി

ഇടുക്കി ജില്ലയിൽ കുമിളിയിൽ പ്രവർത്തിച്ചുവരുന്ന കാർഡമം സെറ്റിൽമെന്റ് ഓഫീസിനുവേണ്ടി 1,000 രൂപ മാത്രമാണ് ബഡ്ജറ്റിൽ വകയിരിത്തിയിരിക്കുന്നത്. അതിനാൽ ടി ഓഫീസിൽ ജോലി ചെയ്യുന്ന ഉദ്യോഗസ്ഥർ അവർ മുൻപ് ജോലി ചെയ്തിരുന്ന ഓഫീസിലെ ശമ്പളം മാറിയിരുന്ന ശീർഷകങ്ങളിൽ നിന്നാണ് ഇപ്പോൾ ശമ്പളം മാറിക്കൊണ്ടിരിക്കുന്നത്. ടി ഓഫീസിലേക്ക് ആവശ്യമായ വാഹനം, ഫോട്ടോകോപ്പിയർ എന്നിവ വാങ്ങുന്നതിനാവശ്യമായ ശുപാർശകൾ ലഭ്യമാകുന്ന മുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണ്.

ശുപാർശ 4

2053-00-093-99—കളക്ടർമാരും മജിസ്ട്രേറ്റുമാരും

05.2—വൈദ്യുതി ചാർജ്ജ്.

ബഡ്ജറ്റ് വിഹിതം: 1,71,89,000 രൂപ

പല കളക്ട്രേറ്റ് സമുച്ചയങ്ങളിലേയും മുഴുവൻ വൈദ്യുതി ചാർജ്ജും റവന്യൂ വകുപ്പാണ് നൽകിവരുന്നത്. ഈ ഇനത്തിൽ ബഡ്ജറ്റിൽ വകകൊള്ളിച്ചിരിക്കുന്ന തുക കുറവായതിനാൽ ബഡ്ജറ്റ് വിഹിതം രണ്ടരക്കോടി രൂപയായി ഉയർത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 4)

<u>സ്വീകരിച്ച നടപടി</u>

ബഡ്ജറ്റിൽ ഈ ഇനത്തിൽ1,71,89,000 രൂപ വകയിരുത്തിയിട്ടുണ്ട്. തുക മുഴുവൻ വിനിയോഗിച്ചിട്ടില്ലാത്തതിനാൽ വിനിയോഗിച്ചു കഴിയുന്ന മുറയ്ക്ക് റീ-അപ്രോപ്രിയേഷൻ മുഖേനയോ അഡീഷണൽ ഓതറൈസേഷൻ മുഖേനയോ ആവശ്യമായ തുക ലഭ്യമാക്കാവുന്നതാണ്.

<u>ശുപാർശ നമ്പർ 5</u>

കൂടാതെ കളക്ട്രേറ്റുകളിൽ പ്രവർത്തിച്ചു വരുന്നതും വിവിധ വകുപ്പുകളുടെ കീഴിൽ വരുന്നതുമായ ഓഫീസുകളുടെ വൈദ്യുതി ഉപഭോഗം സംബന്ധിച്ച ബിൽ അതാത് വകുപ്പുകൾതന്നെ നൽകുന്നതിനായി പ്രത്യേകം മീറ്റർ ഘടിപ്പിക്കുന്നതിനാവശ്യമായ സത്വര നടപടികൾ റവന്യൂ വകുപ്പ് സ്വീകരിക്കേണ്ടതാണെന്നും സമിതി ശുപാർശ ചെയ്യുന്നു.

2053-00-093-99-34—<u>മറ്റു ചെലവുകൾ</u>

ബഡ്ജറ്റ് വിഹിതം : 17,00,000 രൂപ

(ഖണ്ഡിക 5)

<u>സ്വീകരിച്ച നടപടി</u>

14 ജില്ലകളിലെ കളക്ട്രേറ്റുകളിൽ പ്രവർത്തിച്ചുവരുന്നതും വിവിധ വകുപ്പുകളുടെ കീഴിൽ വരുന്നതും ഓഫീസുകളുടെ കീഴിൽ വരുന്നതുമായ ഓഫീസുകളുടെ വൈദ്യുതി ഉപഭോഗം സംബന്ധിച്ച ബിൽ അതാതു വകുപ്പുകൾതന്നെ നൽകുന്നതിനായി പ്രത്യേകം മീറ്റർ ഘടിപ്പിക്കുന്നതിനും ഇലക്ട്രിക്കൽ അറ്റകുറ്റപ്പണികൾ നടത്തുന്നതിനുമുള്ള പ്രൊപ്പോസൽ 2010-11-ലെ "അസറ്റ് മെയിന്റനൻസ് ഫണ്ടിൽ" ഉൾപ്പെടുത്തുന്നകാര്യം സർക്കാർ പരിശോധിച്ചു വരികയാണ്.

<u>ശുപാർശ 6</u>

2053-00-093-99-34—<u>മറ്റു ചെലവുകൾ</u>

ബഡ്ജറ്റ് വിഹിതം: 17,00,000 രൂപ

റിപ്പബ്ളിക് ദിനം, സ്വാതന്ത്ര്യദിനം എന്നീ ആഘോഷങ്ങൾക്ക് വിദ്യാർത്ഥികളെ പങ്കെടുപ്പിക്കുന്നതിനാണ് ഈ തുക ഉപയോഗിച്ചുവരുന്നത്. എന്നാൽ ഇതിലേക്കായി വാഹനം വാടകയ്ക്ക് എടുക്കുന്നതിനും കുട്ടികളുടെ ലഘുഭക്ഷണം എന്നിവയ്ക്കുമായി ഏകദേശം 30 ലക്ഷം രൂപ ചെലവാകുന്നു. കൂടാതെ മുൻ വർഷങ്ങളിലെ കുടിശ്ശിക കൊടുത്തു തീർക്കാനുമുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു. ഈ ചെലവുകൾ കൂടി ഈ ശീർഷകത്തിൽ നിന്നും വഹിക്കേണ്ടിവരുന്നതിനാൽ ഈ ഇനത്തിൽ 30 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 6)

സ്വീകരിച്ച നടപടി

ഈ ശീർഷകത്തിലെ ബഡ്ജറ്റ് വിഹിതം 17,00,000 രൂപയാണ്. റിപ്പബ്ളിക് ദിനം, സ്വാതന്ത്ര്യദിനം എന്നീ ആഘോഷങ്ങൾക്ക് വിദ്യാർത്ഥികളെ പങ്കെടുപ്പിക്കുന്നതിനുവേണ്ടി വാഹനങ്ങൾ വാടകയ്ക്ക് എടുത്ത ഇനത്തിൽ കെ.എസ്.ആർ.ടി.സി.ക്ക് നല്കുന്നതിനായി 36,88,000 രൂപ ടി ശീർഷകത്തിൽ ഉപധനാഭ്യർത്ഥന വഴി ലഭ്യമായിട്ടുണ്ട്. ടി തുക നല്കുന്നതുമായി ബന്ധപ്പെട്ട് പൊതുഭരണ വകുപ്പിൽ നിന്നും ഉത്തരവുണ്ടാകുന്ന മുറയ്ക്ക് ടി തുക കെ.എസ്.ആർ.ടി.സി.ക്ക് നല്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

ശുപാർശ നമ്പർ 7

വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിനുവേണ്ടി സ്ഥലമെടുക്കുന്ന ജോലികൾക്കായി നിയമിതരായ ഉദ്യോഗസ്ഥർക്കുള്ള ശമ്പളവും മറ്റ് ആനുകൂല്യങ്ങൾക്കുമായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായിതിനാൽ ഈ ഇനത്തിൽ മതിയായ തുക വകയിരുത്തണമെന്ന് ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിനുവേണ്ടി സ്ഥലമെടുക്കുന്ന ജോലികൾക്കായി നിയമിതരായ ഉദ്യോഗസ്ഥർക്കുള്ള ശമ്പളവും മറ്റ് ആനുകൂല്യങ്ങളും കൃത്യമായി നൽകയിട്ടുണ്ട്. ഈ ഇനത്തിൽ കുടിശ്ശികയൊന്നും നിലവിൽ ഇല്ല.

ശുപാർശ നമ്പർ 9

1963-ലെ കേരള ഭൂപരിഷ്ക്കരണ നിയമപ്രകാരം മത-ധർമ്മ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്നും ഏറ്റെടുത്ത ഭൂമിക്ക് നൽകിവരുന്ന വർഷാശനം മൂന്നിരട്ടിയായി വർദ്ധിപ്പിക്കുന്നതിനും പിന്നീട് അഞ്ച് വർഷംകൂടുമ്പോൾ 25% വർദ്ധനവ് നടപ്പാക്കുന്നതിനും കേരള ഭൂപരിഷ്ക്കരണ നിയമത്തിൽ ഭേദഗതി വരുത്തിക്കൊണ്ട് 6-1-2009-ലെ ജി.ഒ.(പി)നമ്പർ 12/09/ആർ.ഡി. പ്രകാരം ഉത്തരവായിട്ടുള്ളതായി സമിതി മനസ്സിലാക്കുന്നു. ഇത്തരത്തിൽ വർഷാശനം നൽകുന്നതിലേക്ക് ഈ ശീർഷകത്തിൽ 1,25,92,000 രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 9)

സ്വീകരിച്ച നടപടി

നടപ്പു സാമ്പത്തിക വർഷം ഒരു കോടി രൂപയാണ് ഈ ശീർഷകത്തിൽ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളത്. 1963-ലെ കേരള ഭൂപരിഷ്ക്കരണ നിയമപ്രകാരം മത-ധർമ്മ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് നൽകിവരുന്ന ധനസഹായം മൂന്നിരട്ടിയായി വർദ്ധിപ്പിക്കുന്നതിനും 5 വർഷം കൂടുമ്പോൾ 25% വർദ്ധനവ് നടപ്പാക്കുന്നതിനും 6-1-2009-ലെ ജി.ഒ.(പി) നമ്പർ 12/09/ആർ.ഡി. പ്രകാരം ഉത്തരവായിട്ടുണ്ട്. 3475-00-201-96 ശീർഷകത്തിൽ 1,25,92,000 രൂപ അധികമായി വകയിരുത്തുന്നതിന് വിഷയ നിർണ്ണയ സമിതി ശുപാർശ ചെയ്യുകയുണ്ടായി. ഇതനുസരിച്ച് 2010 ജൂലൈ മാസത്തിലെ ഉപധനാഭ്യർത്ഥനയിൽ അധിക തുക ഉൾപ്പെടുത്തണമെന്ന നിർദ്ദേശം സമർപ്പിച്ചെങ്കിലും അധിക തുക അനുവദിക്കുകയുണ്ടായില്ല.

## ശുപാർശ 10

3475-00-201-90—ഭൂപരിഷ്ക്കരണ റിവ്യൂ ബോർഡ്

ലാന്റ് റിഫോംസ് റിവ്യൂ ബോർഡ് അനൗദ്യോഗിക അംഗങ്ങൾക്കുകൂടി ഫസ്റ്റ് ക്ലാസ്സ് ഓഫീസർമാർക്ക് ലഭിക്കുന്ന നിരക്കിൽ റ്റി.എ./ഡി.എ. നൽകുന്നത് പരിഗണിച്ച്ടി ആവശ്യത്തിലേക്കായി ബജ്ഡറ്റ് വിഹിതം 50,000 രൂപയായി വർദ്ധിപ്പിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 10)

## സ്വീകരിച്ച നടപടി

നടപ്പു സാമ്പത്തിക വർഷം 3475-00-201-90—ഭൂപരിഷ്ക്കരണ റിവ്യൂ ബോർഡ് ശീർഷകത്തിൽ 1000 രൂപയാണ് ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്നത്. ലാന്റ് റിഫോംസ് റിവ്യൂ ബോർഡ് അനൗദ്യോഗിക അംഗങ്ങൾക്ക് ഫസ്റ്റ് ക്ലാസ്സ് ഓഫീസർമാർക്ക് ലഭിക്കുന്ന നിരക്കിൽ റ്റി.എ./ഡി.എ. നൽകുന്നതിന് ബഡ്ജറ്റ് വിഹിതം 50,000 രൂപയായി വർദ്ധിപ്പിക്കുന്നതിന് വിഷയ നിർണ്ണയ സമിതി ശുപാർശ ചെയ്തിരുന്നു. ഈ ശീർഷകത്തിൽ 11-6-2010-ലെ ജി.ഒ. (ആർറ്റി.) നമ്പർ 4747/2010 നമ്പർ സർക്കാർ ഉത്തരവ് പ്രകാരം 1,50,000 രൂപ അധിക തുകയായി അനുവദിച്ചിട്ടുണ്ട്.

## ശുപാർശ 11

3475-00-201-89—1963-ലെ ഭൂപരിഷ്ക്കരണ നിയമപ്രകാരം ഏറ്റെടുക്കപ്പെട്ട മിച്ചഭൂമിയുടെ താൽക്കാലിക നിയന്ത്രണ ചെലവ് (നോൺ പ്ലാൻ)

ഭൂപരിഷ്ക്കരണ നിയമപ്രകാരം സർക്കാരിലേക്ക് ഏറ്റെടുത്ത മിച്ചഭൂമി ഭൂരഹിത കർഷക തൊഴിലാളികൾക്ക് പതിച്ച് നൽകുന്നതുവരെയും ഏറ്റെടുത്ത മിച്ചഭൂമി പൊതു ആവശ്യങ്ങൾക്കായി മാറ്റിവച്ചിട്ടുള്ളവയുടെ സംരക്ഷണത്തിനുവേണ്ടിയുള്ള ഈ ശീർഷകത്തിൽ നാമമാത്രമായ തുകയേ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളൂ. ആകയാൽ ഈ ശീർഷകത്തിൽ 14 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 11)

## സ്വീകരിച്ച നടപടി

3475-00-201-89 ശീർഷകത്തിൽ 2010-11 സാമ്പത്തിക വർഷം 1000 രൂപ മാത്രമാണ് ബഡ്ജറ്റിൽ വകയിരുത്തിയിരുന്നത്. ഏറ്റെടുത്ത മിച്ചഭൂമിയുടെ സംക്ഷണത്തിന് സർവ്വെ ആന്റ് ഡീമാർക്കേഷൻ ചെലവുകൾക്കുമായി മേൽ ശീർഷകത്തിൽ 14,00,000 രൂപ (പതിന്നാല് ലക്ഷം രൂപ) വകയിരുത്തുന്നതിനായി സബ്ജക്ട് കമ്മിറ്റി ശുപാർശ ചെയ്തിരുന്നു. മേൽ ശുപാർശ പ്രകാരം ഫണ്ട് വർദ്ധിപ്പിക്കുന്നതിന് ശുപാർശ സമർപ്പിച്ചുവെങ്കിലും മേൽ സാമ്പത്തിക വർഷം ഫണ്ട് വർദ്ധിപ്പിച്ചിരുന്നില്ല. മേൽ ശീർഷകത്തിൽ 2011-12 സാമ്പത്തിക വർഷത്തിൽ 1000 രൂപ മാത്രമാണ് ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്നത്.

ശുപാർശ 12

3475-00-201-88—4.5%ഭൂപരിഷ്ക്കരണ (മിച്ചഭൂമിക്ക് നഷ്ട പരിഹാരം നല്കുന്നതിന്) ബോണ്ടുകൾ 16 വർഷം വിനിമയ നിർവ്വഹണം നടത്തുന്നതിനുവേണ്ട ചില്ലറ ചെലവുകൾ.

കേന്ദ്രസർക്കാർ തീരുമാനം അനുസരിച്ച് ഭൂപരിഷ്ക്കരണ നിയമപ്രകാരമുള്ള 4.5% ബോണ്ടുകൾ ആർ.ബി.ഐ.വഴി വിനിമയം നടത്തുന്ന റിസർവ്വ് ബാങ്ക് ഉദ്യോഗസ്ഥർക്ക് വിതരണം ചെയ്യുന്ന ബോണ്ടുകൾക്ക് ആനുപാതികമായി ചെലവ് തുക അധികമായി നല്കേണ്ടതുണ്ട്. ഈ ഇനത്തിൽ 1-7-2008 മുതൽ 1,67,540 രൂപ കുടിശ്ശിക നില നിൽക്കുന്നതായി സമിതി മനസ്സിലാക്കുന്നു. ആകയാൽ മേൽപ്പറഞ്ഞ ആവശ്യ ങ്ങൾക്കായി ഈ ശീർഷകത്തിൽ 1,43,000 രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 12)

സ്വീകരിച്ച നടപടി

3475-00-201-88 ശീർഷകത്തിൽ 2,00,000 രൂപയാണ് 2010-11 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് വിഹിതം. കേന്ദ്ര സർക്കാരിന്റെ പുതിയ തീരുമാനം അനുസരിച്ച് വിതരണം ചെയ്യുന്ന ബോണ്ടുകൾക്ക് ആനുപാതികമായി ചെലവ് തുക നല്കുന്നതിന് 1,43,000 രൂപ ഈ ശീർഷകത്തിൽ അധികമായി ലഭ്യമാക്കുന്നതിന് വിഷയ നിർണ്ണയ സമിതിയിൽ ശുപാർശ ചെയ്തിരുന്നു. അതനുസരിച്ച് ശുപാർശ സമർപ്പിച്ചിരുന്നു എങ്കിലും ഫണ്ട് ലഭ്യമായില്ല. തുടർന്ന് ടി ഫണ്ട് ലഭ്യമാക്കുന്നതിനായി Re-appropriation proposal സമർപ്പിക്കുവാൻ സർക്കാർ നിർദ്ദേശം നല്കിയിരുന്നു എങ്കിലും ഫണ്ടിന്റെ അപര്യാപ്തതമൂലം സാമ്പത്തിക വർഷം Re-appropriation proposal സമർപ്പിക്കുവാൻ കഴിഞ്ഞിട്ടില്ല എന്ന് ലാന്റ് ബോർഡ് സെക്രട്ടറി അറിയിച്ചിട്ടുണ്ട്.

ശുപാർശ 13

2029-00-102-95-12—സ്കോളർഷിപ്പുകളും സ്റ്റൈപ്പെന്റുകളും

അപ്രന്റീസ് ആക്ട് അനുസരിച്ച് ഈ വർഷം റവന്യൂ വകുപ്പിൽ നിയമിക്കേ ണ്ടുന്ന 128 സർവെയർമാർ 36 ഡ്രാഫ്റ്റ്സ്മാൻമാർ എന്നിങ്ങനെ 168 ജീവന ക്കാർക്കുവേണ്ടി ഒരു വർഷത്തെ സ്റ്റൈപ്പെന്റ് ഇനത്തിൽ 25 ലക്ഷം രൂപ ആവശ്യമായി വരുന്നു. ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 13 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 13)

സ്വീകരിച്ച നടപടി

2010-11 സാമ്പത്തിക വർഷത്തിൽ 2029-00-102-95-12 (സ്കോളർഷിപ്പുകളും സ്റ്റൈപ്പെന്റുകളും) എന്ന ശീർഷകത്തിൽ 12,00,000 രൂപ അനുവദിച്ചിട്ടുണ്ട്. എന്നാൽ ഈ ഇനത്തിൽ ശുപാർശ പ്രകാരമുള്ള 13 ലക്ഷം രൂപ അധികമായി വകയിരുത്തി യിട്ടില്ല.

ശുപാർശ 14

കൂടാതെ അപ്രന്റീസുകൾക്ക് ഇപ്പോൾ നൽകിവരുന്ന സ്റ്റൈപ്പെന്റ് തുക തീരെ കുറവായതിനാൽ ഇത് പ്രതിമാസം 4500 രൂപയായി വർദ്ധിപ്പിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 14)

സ്വീകരിച്ച നടപടി

അപ്രന്റീസുകൾക്ക് സ്റ്റൈപ്പെന്റ് തുക വർദ്ധിപ്പിച്ചിട്ടില്ല.

ശുപാർശ 15

2029-00-102-95-21(2)—സംരക്ഷണവും അറ്റകുറ്റപ്പണികളും

സർവ്വെ വകുപ്പിൽ നിലവിലുള്ള 28 വാഹനങ്ങളും 14 വർഷത്തിലേറെ പഴക്കമുള്ളവയാണ്. കൂടാതെ ടോട്ടൽ സ്റ്റേഷൻ സർവ്വെ നടക്കുന്ന മലമ്പ്രദേശങ്ങളിൽ ആധുനിക ഉപകരണങ്ങൾ എത്തിക്കുന്നതിന് ദീർഘദൂരം സഞ്ചരിക്കേണ്ടി വരുന്നതിനാൽ ഇതിനുപയോഗിക്കുന്ന വാഹനങ്ങളുടെ റിപ്പയർ ചെലവ് കൂടുതലാണെന്നും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ഇനത്തിൽ 16 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 15)

സ്വീകരിച്ച നടപടി

2010-11 സാമ്പത്തിക വർഷത്തിൽ 2029-00-102-95-21(2) ശീർഷകത്തിൽ ആർ.എം.വി. (സംരക്ഷണവും അറ്റകുറ്റപ്പണികളും) ഇനത്തിൽ 4 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ഈ ഇനത്തിൽ ശുപാർശ പ്രകാരമുള്ള 16 ലക്ഷം രൂപ അധികമായി വകയിരുത്തിയിട്ടില്ല.

ശുപാർശ 16

2506-00-800-99—(50% കേന്ദ്രസഹായം)

റീ സർവ്വെ പ്രവർത്തനങ്ങൾ മൂന്ന് വർഷംകൊണ്ട് പൂർത്തിയാക്കുക, സർക്കാർ ആവശ്യപ്പെടുന്ന രീതിയിലുള്ള സർവ്വെ പ്രവർത്തനങ്ങൾ നടത്തുക, സർവ്വെ റിക്കാർഡുകൾ ശരിയായ രീതിയിൽ സംരക്ഷിക്കുക എന്നീ ആവശ്യങ്ങൾക്കായി 10 കോടി രൂപ ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 16)

സ്വീകരിച്ച നടപടി

ഈ ഇനത്തിൽ ശുപാർശ ചെയ്ത 10 കോടി രൂപ അധികമായി അനുവദിച്ചിട്ടില്ല.

ശുപാർശ 17

2506-00-800-99—(100% കേന്ദ്രസഹായം)

തിരുവനന്തപുരം, കോട്ടയം, തൃശ്ശൂർ, കോഴിക്കോട്, കണ്ണൂർ ജില്ലകളിലുള്ള 5 സർക്കാർ സർവ്വെ സ്ക്കൂളുകളും എല്ലാ ആധുനിക സജ്ജീകരണങ്ങളോടുംകൂടി നവീകരിക്കുന്നതിനും ഡിപ്പാർട്ട്മെന്റിലെ ജീവനക്കാർക്ക് സംസ്ഥാനത്തിനകത്തും സർവ്വെ ഓഫ് ഇന്ത്യയുമായി ബന്ധപ്പെട്ട് സംസ്ഥാനത്തിന് പുറത്തും ട്രെയിനിംഗ് നൽകുന്നതിനായി 49 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി വകയിരുത്തണ മെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 17)

സ്വീകരിച്ച നടപടി

ഈ ഇനത്തിൽ സമിതി ശുപാർശ ചെയ്ത പ്രകാരമുള്ള 49 ലക്ഷം രൂപ അധികമായി അനുവദിച്ചിട്ടില്ല.

ശുപാർശ 18

ലാന്റ് റവന്യൂ കമ്മീഷണറേറ്റിൽ സ്ഥാപിച്ചിട്ടുള്ള ഡിസാസ്റ്റർ മാനേജ്മെന്റ് അതോറിറ്റിയിലെ ജീവനക്കാരുടെ ശമ്പളവും മറ്റ് ചെലവുകളും കൂടാതെ അതോറിറ്റി വഴി നടപ്പാക്കുന്ന വിവിധ ദുരന്ത നിവാരണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട പരിപാടികൾ സംഘടിപ്പിക്കുന്നതിനും നടപ്പാക്കുന്നതിനുമായി ബഡ്ജറ്റിൽ വകയിരുത്തി യിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 10 ലക്ഷം രൂപ കൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 18)

സ്വീകരിച്ച നടപടി

സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയിൽ ജീവനക്കാരുടെ ശമ്പളം, അലവൻസുകൾ, അതോറിറ്റി നടപ്പിലാക്കിവരുന്ന പ്രവർത്തനങ്ങൾ എന്നിവയ്ക്കായി 2010-11 സാമ്പത്തിക വർഷത്തിൽ "2053-00-800-90 SDMA പ്ലാൻ" എന്ന ശീർഷക ത്തിൽ 10 ലക്ഷം രൂപയാണ് അനുവദിക്കപ്പെട്ടത്. സ്കൂൾ സുരക്ഷാ പദ്ധതി, യുവകർമ്മ സേന രൂപീകരണം തുടങ്ങി നിരവധി പദ്ധതികൾ നടപ്പിലാക്കേണ്ടതുള്ള തിനാൽ 3.75 ലക്ഷം രൂപകൂടി അധികമായി വകയിരുത്തുന്നതിനായി SDG വഴി പ്രൊപ്പോസൽ സമർപ്പിച്ചിരുന്നെങ്കിലും തുക അനുവദിക്കപ്പെട്ടില്ല. എന്നാൽ ദുരന്ത നിവാരണവുമായി ബന്ധപ്പെട്ട് വിവിധങ്ങളായ പ്രവർത്തനങ്ങൾ സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി മുഖേന നടപ്പിലാക്കി വരുന്നതിനാലും SDMA-യ്ക്ക് സ്വന്തമായി ഒരു കെട്ടിടം പണിയുന്നതിന് തീരുമാനമെടുത്തിട്ടുള്ളതിനാലും കൂടുതൽ തുക ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് ആവശ്യപ്പെടുകയുണ്ടായി. അതിന്റെ അടിസ്ഥാന ത്തിൽ 2011-12 സാമ്പത്തിക വർഷത്തിൽ "2053-00-800-90 SDMA പ്ലാൻ" എന്ന ശീർഷകത്തിൽ 85,00,000 രൂപ (എൺപത്തിയഞ്ച് ലക്ഷം രൂപ മാത്രം) അനുവദിച്ചിട്ടുണ്ട്.

ശുപാർശ 19

സംസ്ഥാനത്ത് സുനാമി പുനരധിവാസ പദ്ധതിക്ക് 1441.75 കോടി രൂപയാണ് പ്ലാനിംഗ് കമ്മീഷൻ വകയിരുത്തിയിരുന്നത്. ഇതിൽ 123.15 കോടി രൂപ ഇനിയും കേന്ദ്ര സർക്കാരിൽ നിന്നും ലഭിക്കുവാനുണ്ട്. സുനാമി പുനരധിവാസ പദ്ധതിക്ക് കീഴിൽ കൃഷി, മൃഗസംരക്ഷണം, ക്ഷീരവികസനം, സയൻസ് ആന്റ് ടെക്നോളജി എന്നീ വകുപ്പുകൾ ഏറ്റെടുത്ത് നടപ്പിലാക്കിവരുന്ന പ്രവൃത്തികൾ പൂർത്തിയായതായും പൊതുമരാമത്ത്, ഫിഷറീസ് എന്നീ വകുപ്പുകൾ ഏറ്റെടുത്തിട്ടുള്ള പദ്ധതികൾ ഏകദേശം പൂർത്തിയായതായും കേരള സംസ്ഥാന വിദ്യുച്ഛക്തി ബോർഡ് ഏറ്റെടുത്തിട്ടുള്ള പ്രവൃത്തികൾ 85-90% വരെ പൂർത്തിയായതായും സമിതി മനസ്സിലാക്കുന്നു.

ഏറ്റെടുത്തിട്ടുള്ള പ്രവൃത്തികൾ പൂർത്തിയാക്കുന്നതിനായി സുനാമി പുനരധിവാസ പദ്ധതിയുടെ ആരംഭത്തിൽ വകയിരുത്തിയതിനെക്കാൾ തുക ഇപ്പോൾ ആവശ്യമായിട്ടുണ്ട്. കൂടുതലായി ഭരണാനുമതി നൽകിയതിനാൽ ടൂറിസം വകുപ്പിന് 9 കോടി രൂപയും, വിദ്യാഭ്യാസ വകുപ്പിന് 2 കോടി രൂപയും അധിക തുക ആവശ്യമായി വരും. ഇതുപോലെതന്നെ ഇറിഗേഷൻ, തുറമുഖ എഞ്ചിനീയറിംഗ് വകുപ്പുകൾക്കും അധിക തുക വേണ്ടിവരും. ആയതിനാൽ അധിക കേന്ദ്രസഹായമായി ഇനി ലഭിക്കേണ്ട 123.15 കോടി രൂപയും കേന്ദ്രസർക്കാർ ഇതിനകം അനുവദിച്ച 1024.85 കോടി രൂപയിൽ ബാക്കിയുള്ള 50 കോടി രൂപയും 2010-11-ൽ സംസ്ഥാന ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന 37 കോടി രൂപയ്ക്കു പകരം 75 കോടി രൂപയും ഉൾപ്പെടെ 211.15 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 19, 20)

സ്വീകരിച്ച നടപടി

ഈ സാമ്പത്തിക വർഷം സുനാമി പുനരധിവാസ പദ്ധതിക്കായി ധനകാര്യ വകുപ്പ് 135.15 കോടി രൂപ അധികമായി ചെലവ് നടത്തുന്നതിനുള്ള അഡീഷണൽ ഓതറൈസേഷൻ നൽകിക്കൊണ്ട് ആകെ 173.15 കോടി രൂപ അനുവദിച്ചു നൽകി. സുനാമി പുനരധിവാസ പദ്ധതിക്കായി കേന്ദ്ര ഗവൺമെന്റിൽ നിന്നും അനുവദിച്ചു കിട്ടിയ 1148 കോടി രൂപയും സംസ്ഥാന ബഡ്ജറ്റിൽ നിന്നും റിലീസ് ചെയ്തിട്ടുണ്ട്. 2011 ഫെബ്രുവരി 25-നകം സുനാമി പുനരധിവാസ പദ്ധതി പൂർത്തീകരിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. പ്രസ്തുത കാലയളവിനുള്ളിൽ പദ്ധതി തുക പൂർണ്ണമായും ചെലവഴിക്കുവാൻ ഈ വകുപ്പ് എല്ലാ പദ്ധതി നിർവ്വഹണ യൂണിറ്റുകൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

ശുപാർശ 20

വില്ലേജ് ഓഫീസുകളിൽ ടെലഫോൺ കണക്ഷൻ ലഭ്യമാക്കുന്നതു സംബന്ധിച്ച് കഴിഞ്ഞ റിപ്പോർട്ടിൽ ശുപാർശ നൽകിയിരുന്നെങ്കിലും ആയത് നടപ്പാക്കിയിട്ടില്ലെന്നും ആയതിനാൽ വില്ലേജ് ഓഫീസുകളുമായി പൊതുജനങ്ങൾക്ക് നേരിട്ട് ബന്ധപ്പെടുന്നതിനുവേണ്ടി ലാന്റ് ഫോൺ അനുവദിക്കുന്നതിന് ആവശ്യമായ നടപടി സീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 21)

സ്വീകരിച്ച നടപടി

14-12-2010-ലെ ജി.ഒ(എംഎസ്.)നമ്പർ 508/2010/ആർ.ഡി. സർക്കാർ ഉത്തരവിലൂടെ സംസ്ഥാനത്തെ എല്ലാ വില്ലേജ് ഓഫീസർമാർക്കും ബി.എസ്.എൻ.എൽ-ന്റെ "Closed User Group" പദ്ധതിയിൽപ്പെടുത്തി മൊബൈൽ സിംകാർഡുകൾ അനുവദിക്കുന്നതിന് ഉത്തരവായിട്ടുണ്ട്. ടി സിംകാർഡുകൾ 1-2-2011 മുതൽ എല്ലാ വില്ലേജ് ഓഫീസർമാർക്കും നൽകുന്നതിനുള്ള നടപടികൾ ഈ കാര്യാലയത്തിൽനിന്ന് സ്വീകരിച്ചിട്ടുണ്ട്. ആയതിനാൽ വില്ലേജ് ഓഫീസുകളുമായി പൊതുജനങ്ങൾക്ക് നേരിട്ട് ബന്ധപ്പെടുന്നതിന് സൗകര്യം ഉണ്ടായിട്ടുണ്ട്

ശുപാർശ 21

2010-11 സാമ്പത്തിക വർഷത്തിൽ 2250-00-103-87-09 മലബാർ ദേവസ്വത്തിനുള്ള ഗ്രാന്റ് ഇൻ എയ്ഡ് ആയി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന 16.5 കോടി രൂപ ബോർഡിന്റെ ആവശ്യങ്ങൾക്ക് തീർത്തും അപര്യാപ്തമാണ്. ബോർഡിന്റെ സുഗമമായ പ്രവർത്തനം ഉറപ്പുവരുത്തുന്നതിനായി താഴെപ്പറയുന്ന വിവിധ ആവശ്യങ്ങൾക്കായി അധിക തുക വകയിരുത്തേണ്ടതാണ്.

(ഖണ്ഡിക 22)

സ്വീകരിച്ച നടപടി

2010-11 സാമ്പത്തിക വർഷം മലബാർ ദേവസ്വം ബോർഡിന്റെ പ്രവർത്തനങ്ങൾക്ക് 60 കോടി രൂപ ആവശ്യപ്പെട്ടിരുന്നു. 16.5 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

ശുപാർശ 22

ഉത്തര മലബാറിലെ കാവുകളിലെ ആചാരസ്ഥാനീയർ, കോലധാരികൾ തുടങ്ങിയവർക്കുള്ള പ്രത്യേക ധനസഹായമായി ബഡ്ജറ്റിൽ തുകയൊന്നും വകയിരുത്തിയിട്ടില്ല. ആയതിനാൽ ഈ ഇനത്തിൽ 4 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 23)

സ്വീകരിച്ച നടപടി

ഉത്തര മലബാറിലെ ക്ഷേത്ര ആചാരസ്ഥാനികൾക്കും കോലധാരികൾക്കുമുള്ള പ്രതിമാസ ധനസഹായപദ്ധതി-2010 രൂപീകരിച്ചുകൊണ്ട് സർക്കാർ ഉത്തരവ് (എംഎസ്.) നമ്പർ 299/2010/ആർഡി. തീയതി 27-7-2010 പ്രകാരം ഉത്തരവായിട്ടുണ്ട്. 2010-11-ലെ ബഡ്ജറ്റിൽ ആചാരസ്ഥാനികർ, കോലധാരികൾ എന്നിവർക്ക് ധനസഹായം നൽകുന്നതിനായി ഒരു കോടി രൂപ വകയിരുത്തിയിട്ടുണ്ട്. അർഹരായവരുടെ ലിസ്റ്റ് സർക്കാർ അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്. ഇതിനായി 2010-11-ൽ ഒരു കോടി രൂപയും അനുവദിച്ചുകഴിഞ്ഞു.

ശുപാർശ 23

മലബാർ ദേവസ്വം ബോർഡിന്റെ ആസ്ഥാന ഓഫീസ് കെട്ടിടം പണിയുന്നതിനായി സ്ഥലം വാങ്ങുന്നതിനും കാസർഗോഡ്, തലശ്ശേരി , മലപ്പുറം, പാലക്കാട് എന്നീ ഡിവിഷണൽ ഓഫീസുകൾക്ക് കെട്ടിടം പണിയുന്നതിനുമായി 20 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു

(ഖണ്ഡിക 24)

സ്വീകരിച്ച നടപടി

മലബാർ ദേവസ്വം ബോർഡിന്റെ കാസർഗോഡ്, തലശ്ശേരി, മലപ്പുറം, പാലക്കാട് ഡിവിഷൻ ഓഫീസുകൾക്ക് കെട്ടിടം പണിയുന്നതിനുള്ള ഭൂമി അതാത് പ്രദേശങ്ങളിലെ ദേവസ്വങ്ങളിൽ നിന്ന് 99 വർഷത്തേക്കുള്ള ലീസ്ഡീഡ് ആയോ, ദാനാധാരമായോ ലഭ്യമാക്കാമെന്ന് ഉറപ്പു ലഭിച്ചിട്ടുണ്ട്. ഇതിൽ കാസർഗോഡ് (മാരിയമ്മക്ഷേത്രം, ഹോസ്ദുർഗ്ഗ്), തലശ്ശേരി (ശ്രീരാമസ്വാമി ക്ഷേത്രം, തിരുവങ്ങാട്, തലശ്ശേരി) ഡിവിഷനുകൾക്കുള്ള ഭൂമി രജിസ്റ്റർ ചെയ്ത് കിട്ടിയിട്ടുണ്ട്. മലപ്പുറം, പാലക്കാട് ഡിവിഷനുകൾക്ക് ഭൂമി ലഭ്യമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഊർജ്ജിതമായി നടന്നുവരുന്നുണ്ട്. മലബാർ ദേവസ്വം ബോർഡ് ആസ്ഥാന ഓഫീസിന് കെട്ടിടം പണിയുന്നതിനുള്ള സ്ഥലം വില കൊടുത്ത് വാങ്ങേണ്ടതുണ്ട്.

ശുപാർശ 24

മലബാർ ദേവസ്വം ബോർഡിന്റെ കീഴിൽ വരുന്ന ക്ഷേത്രങ്ങൾക്കുള്ള ജീർണ്ണോദ്ധാരണ ഗ്രാന്റിനുള്ള നൂറുകണക്കിന് അപേക്ഷകൾ ഫണ്ടിന്റെ അപര്യാപ്തതമൂലം പരിഗണിക്കുവാൻ കഴിയാത്ത അവസ്ഥയാണുള്ളത്. ക്ഷേത്രങ്ങളുടെ ജീർണ്ണോദ്ധാരണ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടത്തുന്നതിനും പല ക്ഷേത്രങ്ങളിലും ആരംഭിച്ചിട്ടുള്ള ജീർണ്ണോദ്ധാരണ പ്രവർത്തനങ്ങൾ പൂർത്തിയാക്കുന്നതിലേക്കുമായി ഈ ഇനത്തിൽ 10 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 25)

സ്വീകരിച്ച നടപടി

2010-11 ബഡ്ജറ്റിൽ ക്ഷേത്രങ്ങൾക്ക് ജീർണ്ണോദ്ധാരണ ധനസഹായം അനുവദിക്കുന്നതിനായി മലബാർ ദേവസ്വം ബോർഡ് വകയിരുത്തിയത് 3 കോടി രൂപ മാത്രമാണ്. ടി തുക അനുവദിക്കുന്നതിനായി ലഭ്യമായ പൊതു/സ്വകാര്യ ക്ഷേത്രങ്ങളുടെ അപേക്ഷകൾ മലബാർ ദേവസ്വം ബോർഡിന് കീഴിലെ 5 ഡിവിഷനുകളിലെയും ഏരിയ കമ്മിറ്റികൾ പരിശോധിച്ച് ആവശ്യമായ ഭേദഗതികൾ വരുത്തി തയ്യാറാക്കിയ അന്തിമ ലിസ്റ്റ് അംഗീകാരത്തിനായി ബഹു. ദേവസ്വം വകുപ്പുമന്ത്രി അദ്ധ്യക്ഷനായ മലബാർ ദേവസ്വം ബോർഡ് ഗ്രാന്റ് വിതരണ കമ്മിറ്റി മുമ്പാകെ അംഗീകാരത്തിനായി സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ബഹു. ദേവസ്വം വകുപ്പുമന്ത്രി അദ്ധ്യക്ഷനായ കമ്മിറ്റി ഈ സാമ്പത്തിക വർഷം ഗ്രാന്റ് അനുവദിക്കേണ്ട ക്ഷേത്രങ്ങളുടെ ലിസ്റ്റും അനുവദിച്ച തുകയും അംഗീകരിച്ചു നൽകിയിട്ടുണ്ട്. ഭൂമി ഏറ്റെടുക്കുന്ന നടപടി പൂർത്തിയാക്കിയ ശേഷം മലബാർ ദേവസ്വം ബോർഡിന് എസ്റ്റിമേറ്റ് തുക കണക്കാക്കിയതിനുശേഷം

ലഭ്യമാക്കുന്ന പ്രൊപ്പോസൽ പരിശോധിച്ച് തുക അനുവദിക്കുന്നതിന് നടപടി സ്വീക രിക്കുന്നതാണ്.

ശുപാർശ 25

ജീർണ്ണാവസ്ഥയിലായ ക്ഷേത്രക്കുളങ്ങളുടെ സംരക്ഷണം ക്ഷേത്ര പുനരുദ്ധാരണ ത്തിനും പരിസ്ഥിതി സംരക്ഷണത്തിനും അത്യന്താപേക്ഷിതമാണ്. ക്ഷേത്രങ്ങളുടെ നവീകരണത്തിനുവേണ്ടിയുള്ള പ്രത്യേക പദ്ധതി എന്ന നിലയിൽ എം.എൽ.എ./എം.പി. ഫണ്ട്, ദേശീയ തൊഴിലുറപ്പ് പദ്ധതി എന്നിവ കൂടി ഉപയോഗിക്കത്തക്ക രീതിയിൽ ഒരു പ്രത്യേക ഫണ്ട് അനുവദിക്കുന്നത് ഉചിതമായിരിക്കുമെന്ന് സമിതി കരുതുന്നു. ആയതിനാൽ സംസ്ഥാനത്തൊട്ടാകെയും പ്രത്യേകിച്ച് മലബാർ പ്രദേശത്തെയും ജീർണ്ണാവസ്ഥയിലുള്ള ക്ഷേത്രക്കുളങ്ങളുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾക്കായി ഒരു പ്രത്യേക ഉപശീർഷകം അനുവദിക്കണമെന്നും ആയതിലേക്കായി 10 കോടി രൂപ അനുവദിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 26)

സ്വീകരിച്ച നടപടി

സമിതി ശുപാർശ ചെയ്ത രീതിയിൽ ഉപശീർഷകം അനുവദിക്കുന്നത് സംബന്ധിച്ച മലബാർ ദേവസ്വം ബോർഡിൽ നിന്ന് ശുപാർശ ലഭ്യമാക്കി ആവശ്യമായ തുക വകയിരുത്തുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

ശുപാർശ 26

2009–10 വർഷം മുതൽ ജീർണ്ണോദ്ധാരണ ഗ്രാന്റിന്റെ 10–15% സ്വകാര്യ ക്ഷേത്ര ങ്ങൾക്ക് നൽകുവാൻ തീരുമാനിക്കുകയും ആയതിന്റെ 10%-ൽ കുറയാത്ത തുക പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗം നേരിട്ട് നടത്തുന്ന ക്ഷേത്രങ്ങൾക്കായി നീക്കി വയ്ക്കു കയും ചെയ്തിട്ടുണ്ട്. മലബാർ ദേവസ്വം ബോർഡിന്റെ കീഴിൽ വരാത്തതും നല്ല രീതി യിൽ നടത്തിവരുന്നതുമായ സ്വകാര്യ ക്ഷേത്രങ്ങൾക്ക് ജീർണ്ണോദ്ധാരണ പ്രവർത്തന ങ്ങൾക്കുള്ള പ്രത്യേക ധനസഹായമായി ഒരു കോടി രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 27)

സ്വീകരിച്ച നടപടി

മലബാർ ദേവസ്വം ബോർഡിന്റെ കീഴിൽ വരാത്തതും, നല്ല രീതിയിൽ നടത്തി വരുന്നതുമായ ധാരാളം സ്വകാര്യ ക്ഷേത്രങ്ങളുണ്ട്. പുനരുദ്ധാരണ പ്രവർത്തികൾക്കായി മലബാർ ദേവസ്വം ബോർഡ് ഈ ഇനത്തിൽ നീക്കിവെച്ച 3 കോടി രൂപയിൽ നിന്ന് 10 മുതൽ 15% വരെ ഇത്തരം ക്ഷേത്രങ്ങൾക്കായി മാറ്റിവെച്ചിട്ടുണ്ട്. മൊത്തം 41.6 ലക്ഷം രൂപ മാത്രമേ സ്വകാര്യ ക്ഷേത്രങ്ങൾക്ക് അനുവദിക്കാൻ കഴിഞ്ഞിട്ടുള്ളൂ. മലബാർ ദേവസ്വം ബോർഡിൽ നിന്ന് പ്രൊപ്പോസൽ ലഭ്യമാക്കി ആവശ്യമായ തുക അനുവദിക്കാൻ നടപടി സ്വീകരിക്കുന്നതാണ്.

ശുപാർശ 27

ക്ഷേത്ര ജീവനക്കാരുടെ ശമ്പള പരിഷ്ക്കരണംമൂലം മലബാർ ദേവസ്വം ബോർഡിന് വന്നുചേർന്നിട്ടുള്ള അധിക സാമ്പത്തിക ബാദ്ധ്യതകൾ പരിഹരിക്കുന്നതിന് സർക്കാർ ധനസഹായം അത്യന്താപേക്ഷിതമായതിനാൽ ജീവനക്കാരുടെ ശമ്പളം നൽകാൻ തികയാതെ വരുന്ന തുക മലബാർ ടെമ്പിൾ മാനേജ്മെന്റ് ഫണ്ടിൽ നിന്നും നൽകുന്നതിനായി 7 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 28)

സ്വീകരിച്ച നടപടി

മലബാർ ദേവസ്വം ബോർഡിന് കീഴിൽ വരുമാനം കുറഞ്ഞ ക്ഷേത്രങ്ങളിലെ ജീവനക്കാർക്ക് ശമ്പളം നൽകുന്നതിന് വാർഷിക വരുമാനത്തിന്റെ 30% തികയാതെ വരുന്ന തുക മലബാർ ദേവസ്വം ബോർഡ് മാനേജ്മെന്റ് ഫണ്ടിൽ നിന്നും അനുവദിച്ചുവരുന്നുണ്ട്. ക്ഷേത്ര ജീവനക്കാരുടേയും എക്സിക്യൂട്ടീവ് ഓഫീസർമാരുടെയും ശമ്പള പരിഷ്ക്കരണത്തിന്റെ ഫലമായി ഉണ്ടായ അധിക സാമ്പത്തിക ബാധ്യത നിറവേറ്റുന്നതിനുള്ളത് കൂടി കണക്കിലെടുത്ത് മലബാർ ദേവസ്വം ബോർഡ് 2010–11 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഈ ഇനത്തിൽ 10 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

ശുപാർശ 28

ബോർഡിന്റെ കീഴിൽ ഹൈക്കോടതിയിലും വിവിധ ജില്ലാ കോടതികളിലുമായി നിരവധി കേസുകൾ നിലവിലുണ്ട്. ബോർഡ് രൂപീകരണത്തോടെ ഗവൺമെന്റ് അഭിഭാഷകരുടെ സേവനം ലഭ്യമല്ലാത്ത സാഹചര്യത്തിൽ കേസ് നടത്തുന്നതിനായി ഒരു സ്റ്റാന്റിംഗ് കൗൺസിലിനെ ഏർപ്പെടുത്തിയിട്ടുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു. അഡ്വക്കേറ്റുമാരുടെ പ്രതിഫലം, കോടതി ചെലവുകൾ, വിധിന്യായം നടപ്പിലാക്കൽ തുടങ്ങിയ ആവശ്യങ്ങൾക്കായി 2 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 29)

സ്വീകരിച്ച നടപടി

ബോർഡ് രൂപീകരണത്തോടെ സർക്കാർ അഭിഭാഷകരുടെ സേവനം ലഭ്യമല്ലാതായ സാഹചര്യത്തിൽ മലബാർ ദേവസ്വം ബോർഡിന്റെ കീഴിൽ ഹൈക്കോടതിയിൽ കേസ് നടത്തുന്നതിനായി ഒരു സ്റ്റാന്റിംഗ് കൗൺസിലിനെയും പയ്യന്നൂർ, പാലക്കാട്, ഒറ്റപ്പാലം സബ്കോടതികളിൽ ഓരോ സ്റ്റാന്റിംഗ് കൗൺസിലിനെയും ഏർപ്പെടുത്തിയിട്ടുണ്ട്. അഭിഭാഷകരുടെ പ്രതിഫലം, കോടതി ചെലവുകൾ, വിധിന്യായം നടപ്പിലാക്കൽ തുടങ്ങിയ ചെലവുകൾക്കായി മലബാർ ദേവസ്വം ബോർഡിന്റെ 2010–11 വർഷത്തെ ബഡ്ജറ്റിൽ 50 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ബോർഡിന്റെ കീഴിൽ ഹൈക്കോടതിയിലും വിവിധ ജില്ലാ കോടതികളിലുമായി നിരവധി കേസുകൾ നിലവിലുണ്ട്. ഹൈക്കോടതിയിലും, മേൽപ്പറഞ്ഞ മൂന്ന് സബ് കോടതികളിലും മാത്രമേ അഭിഭാഷകരെ ഇതുവരെ ഏർപ്പെടുത്തിയിട്ടുള്ളൂ. മറ്റ് സബ് കോടതികളിലും ജില്ലാ

കോടതികളിലും അഭിഭാഷകരെ ഏർപ്പെടുത്തേണ്ടതുണ്ട്. മലബാർ ദേവസ്വം ബോർഡിന് പ്രൊപ്പോസൽ ലഭ്യമാക്കി തുക അനുവദിക്കാൻ നടപടി സ്വീകരിക്കുന്നതാണ്.

ശുപാർശ 29

മലബാർ ദേവസ്വം ബോർഡിന്റെ കീഴിലുള്ള ക്ഷേത്രഭൂമി സംരക്ഷിക്കുന്നതിനും അന്യാധീനപ്പെട്ട ക്ഷേത്രഭൂമി തിരിച്ചുപിടിക്കുന്നതിനുമായി ഒരു ലാന്റ് കൺസർവൻസി യൂണിറ്റ് ആരംഭിക്കുന്നതിന് അംഗീകാരം ലഭിച്ചിട്ടുള്ള സാഹചര്യത്തിൽ ഈ യൂണിറ്റിലെ ജീവനക്കാരുടെ ശമ്പളം, കേസ് നടത്തിപ്പ് എന്നിവയ്ക്കായി 5 കോടി രൂപ പ്രത്യേക ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 30)

സ്വീകരിച്ച നടപടി

സർക്കാർ പരിശോധിച്ച് ഉചിത നടപടി സ്വീകരിക്കുന്നതാണ്.

ശുപാർശ 30

മലബാർ ദേവസ്വം ബോർഡിന്റെ പ്രവർത്തനം സുഗമവും കാര്യക്ഷമവുമാക്കുന്നതിനായി ബോർഡ് ഓഫീസും സബ് ഓഫീസുകളും പൂർണ്ണമായും കമ്പ്യൂട്ടർവൽക്കരിക്കുന്നതിനും മലബാർ ദേവസ്വം ബോർഡിന്റെ വെബ്സൈറ്റ് വികസിപ്പിക്കുന്നതിനുമായി 50 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 31)

സ്വീകരിച്ച നടപടി

മലബാർ ദേവസ്വം ബോർഡ് ഓഫീസും സബ് ഓഫീസുകളും പൂർണ്ണമായി കമ്പ്യൂട്ടർവൽക്കരിക്കുന്നതിനും മലബാർ ദേവസ്വം ബോർഡിന്റെ ഒരു വെബ്സൈറ്റ് ഡിസൈൻ ചെയ്യുന്നതിനും മലബാർ ദേവസ്വം ബോർഡ് തീരുമാനമെടുത്തതിന്റെ അടിസ്ഥാനത്തിൽ സി-ഡിറ്റുമായി ബന്ധപ്പെട്ട് വെബ്സൈറ്റ് ഡിസൈനിംഗ് പൂർത്തീകരിക്കുകയും, ഓഫീസ് കമ്പ്യൂട്ടറൈസേഷന്റെ ഭാഗമായുള്ള സിസ്റ്റം സ്റ്റഡി സി-ഡിറ്റ് നടത്തിക്കൊണ്ടിരിക്കുകയുമാണ്. കമ്പ്യൂട്ടറൈസേഷന്റെ ഭാഗമായി 35 കമ്പ്യൂട്ടറുകളും, ഒരു സർവ്വറും, അനുബന്ധ ഉപകരണങ്ങൾക്കുമായി സി-ഡിറ്റ് വർക്ക് ഓർഡർ നൽകിയിരിക്കുകയാണ്. ഈയിനത്തിൽ 2010-11 സാമ്പത്തിക വർഷത്തെ മലബാർ ദേവസ്വം ബോർഡിന്റെ ബഡ്ജറ്റിൽ 50 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. സർക്കാർ അനുമതി നൽകി ഉത്തരവായിട്ടുണ്ട്.

ശുപാർശ 31

മലബാർ ദേവസ്വം ബോർഡിന്റെ കീഴിലുള്ള ഭൂമി സുരക്ഷിതമാക്കുന്നതിനായി ചുറ്റുമതിൽ, കമ്പിവേലി കെട്ടുന്നതിനും അതിരുകൾ നിർണ്ണയിക്കുന്നതിനുമുള്ള ചെലവുകൾക്കായി 2 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 32)

സ്വീകരിച്ച നടപടി

ക്ഷേത്രഭൂമിയുടെ അതിരുകൾ മതിൽ കെട്ടി സംരക്ഷിക്കാൻ ഭീമമായ ഫണ്ട് കണ്ടെത്തേണ്ടതിനാൽ പലപ്പോഴും ക്ഷേത്രഭൂമികൾ സംരക്ഷിക്കുന്ന പ്രവൃത്തി മുടങ്ങി ക്കിടക്കുകയാണ്. മലബാർ ദേവസ്വം ബോർഡിൽ നിന്ന് പ്രൊപ്പോസൽ ലഭ്യമാക്കി പരിശോധിച്ച് നടപടി സ്വീകരിക്കാൻ കഴിയുന്നതാണ്.

ശുപാർശ 32

മലബാർ ദേവസ്വം ബോർഡിന്റെ കെട്ടിടങ്ങളുടെ വാടക, വൈദ്യുതി ചാർജ്ജ്, വെള്ളക്കരം, പോസ്റ്റേജ്, ടെലിഫോൺ, പ്രിന്റിംഗ്, സ്റ്റേഷനറി തുടങ്ങിയ ചെലവു കൾക്കായി 2 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 33)

സ്വീകരിച്ച നടപടി

മലബാർ ദേവസ്വം ബോർഡിന്റെ കെട്ടിടങ്ങളുടെ വാടക, വൈദ്യുതി ചാർജ്ജ്, വെള്ളക്കരം, പോസ്റ്റേജ്, ടെലിഫോൺ, പ്രിന്റിംഗ്, സ്റ്റേഷനറി ചെലവുകൾ എന്നീ ഇനങ്ങളിലായി മൊത്തം 84.5 ലക്ഷം രൂപ 2010-11 സാമ്പത്തിക വർഷത്തെ ബോർഡിന്റെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

ശുപാർശ 33

മലബാർ ദേവസ്വം ബോർഡിലെ ശാന്തിക്കാർക്ക് പരിശീലനം നൽകുന്നതിനും കൂടാതെ ഓഫീസ് ജീവനക്കാർക്ക് മാനേജ്മെന്റ് സർവ്വീസ് റൂൾസ്,അക്കൗണ്ടിംഗ്, കമ്പ്യൂട്ടറൈസേഷൻ തുടങ്ങിയവയിൽ പരിശീലനം നൽകുന്നതിനുള്ള ചെലവു കൾക്കായി ഒരു കോടി രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 34)

സ്വീകരിച്ച നടപടി

മലബാർ ദേവസ്വം ബോർഡ് ജീവനക്കാർക്ക് പരിശീലനം നൽകുന്നതിന്റെ ഭാഗ മായി ബോർഡ് ജീവനക്കാർക്കും എക്സിക്യൂട്ടീവ് ഓഫീസർമാർക്കും സർവ്വീസ് റൂൾസിലും അക്കൗണ്ടിങ്ങിലും പരിശീലനം നൽകുകയുണ്ടായി. ബോർഡിന് കീഴിലെ ക്ഷേത്രങ്ങളിലെ ശാന്തിക്കാർക്ക് ശാന്തി പ്രവൃത്തിയിലുള്ള പരിശീലന പരിപാടിയായ ജ്ഞാനസദസ്സ് ബോർഡിന്റെ അഞ്ച് ഡിവിഷനുകൾ കേന്ദ്രീകരിച്ച് നടത്തുകയുണ്ടായി. മലബാർ ദേവസ്വം ബോർഡ് ഹെഡ് ഓഫീസും, സബ് ഓഫീസുകളും കമ്പ്യൂട്ടർവൽക്ക രിക്കാനുള്ള പദ്ധതി നടന്നുകൊണ്ടിരിക്കുന്നതിനാൽ ബോർഡിലെ മുഴുവൻ ജീവന ക്കാർക്കും കമ്പ്യൂട്ടർ അധിഷ്ഠിത പരിശീലനം നൽകേണ്ടതുണ്ട്. ഇതിനുള്ള പദ്ധതി ഉടൻതന്നെ തയ്യാറാക്കി നടപ്പിലാക്കുന്നതാണ്. ഇതോടൊപ്പം തന്നെ മുമ്പ് നടന്ന പരിശീലന പരിപാടികളുടെ തുടർ പരിശീലന പരിപാടികളും നടത്തേണ്ടതുള്ളതിനാൽ ആകെ 2010-11 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ജീവനക്കാർക്കുള്ള പരിശീലന ചെലവിലേക്ക് 10 ലക്ഷം രൂപയാണ് വകയിരുത്തിയിട്ടുള്ളത്. മലബാർ ദേവസ്വം ബോർഡിൽ നിന്ന് അധിക തുക അനുവദിക്കുന്നതിന് പ്രൊപ്പോസൽ ലഭ്യമാക്കി അധികമായ തുക അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

ശുപാർശ 34

ബോർഡ് മെമ്പർമാർ, ഏരിയ കമ്മിറ്റി മെമ്പർമാർ, സ്റ്റാന്റിംഗ് കമ്മിറ്റി ഉദ്യോഗസ്ഥർ, ലൈസൺ ഓഫീസർ തുടങ്ങിയവരുടെ യാത്രാ ചെലവുകൾ വഹിക്കുന്നതിനായി ഒരു കോടി രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 35)

സ്വീകരിച്ച നടപടി

മലബാർ ദേവസ്വം ബോർഡ് പ്രസിഡന്റ്, ബോർഡ് മെമ്പർമാർ, ഏരിയാ കമ്മിറ്റി മെമ്പർമാർ, സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻമാർ, ലെയിസൺ ഓഫീസർ, മറ്റ് ഉദ്യോഗസ്ഥർ എന്നിവരുടെ യാത്രാ ചെലവുകൾ വഹിക്കുന്നതിനായി മൊത്തം 20 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. നിലവിൽ യാത്രാബത്ത ബില്ലുകൾ കുടിശ്ശികയില്ലാതെ അനുവദിച്ചുവരുന്നുണ്ട്.

ശുപാർശ 35

ഹിന്ദുമത ധർമ്മ സ്ഥാപന (ഭരണ) വകുപ്പ് നിർത്തലാക്കിയപ്പോൾ പി.എസ്.സി. വഴി നിമയനം ലഭിച്ച ജീവനക്കാരെ മലബാർ ദേവസ്വം ബോർഡിൽ ഡീംഡ് ഡെപ്യൂട്ടേഷനിൽ നിയമിക്കുകയുണ്ടായി. ടി ജീവനക്കാരുടെ ശമ്പളം ഇനത്തിൽ 2250-00-102-00-01-ശമ്പളം ശീർഷകത്തിൽ 2 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 36)

സ്വീകരിച്ച നടപടി

ഹിന്ദുമത ധർമ്മ സ്ഥാപന (ഭരണ) വകുപ്പ് നിർത്തലാക്കിയപ്പോൾ പി.എസ്.സി. വഴി നിയമനം ലഭിച്ച ടി വകുപ്പ് ജിവനക്കാരെ മലബാർ ദേവസ്വം ബോർഡിനുകീഴിൽ ഒരു പ്രത്യേക യൂണിറ്റായി പരിഗണിച്ച് സർക്കാർ ജീവനക്കാരായി തുടരുന്നതിന് അനുവദിച്ചുകൊണ്ടും ജീവനക്കാരുടെ പെൻഷൻ ബാധ്യത ഏറ്റെടുത്തുകൊണ്ടും സർക്കാർ ഉത്തരവ് (എംഎസ്.)നമ്പർ 222/2010/ആർഡി തീയതി 8-6-2010 പ്രകാരം ഉത്തരവായിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ജീവനക്കാർക്ക് ട്രഷറി മുഖാന്തിരം ശമ്പളവും മറ്റാനുകൂല്യങ്ങളും അനുവദിക്കുന്നതിനായി തുക വകയിരുത്തുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

ശുപാർശ 36

മലബാർ ദേവസ്വം ബോർഡിന്റെ സുഗമമായ പ്രവർത്തനങ്ങൾക്കായി ജീവനക്കാരുടെ ദൗർലഭ്യം പരിഹരിക്കുന്നതിന്റെ ഭാഗമായി 18-3-2010-ലെ ബോർഡ് യോഗ തീരുമാനപ്രകാരം പുതുതായി സൃഷ്ടിക്കാനുദ്ദേശിക്കുന്ന തസ്തികകൾമൂലമുണ്ടാകുന്ന അധിക സാമ്പത്തിക ബാദ്ധ്യത നേരിടുന്നതിനായി ഈ ശീർഷകത്തിൽ ഒരു കോടി രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 37)

## സ്വീകരിച്ച നടപടി

മലബാർ ദേവസ്വം ബോർഡിന്റെ സുഗമമായ പ്രവർത്തനങ്ങൾക്കായി ജീവനക്കാരുടെ ദൗർലഭ്യം പരിഹരിക്കുന്നതിന്റെ ഭാഗമായി 18-3-2010-ലെ ബോർഡ് യോഗ തീരുമാനപ്രകാരം വിവിധ കേഡറുകളിലായി 51 തസ്തികകൾ സൃഷ്ടിച്ച് സർക്കാരിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിരുന്നു. പുതുതായി സൃഷ്ടിക്കാനുദ്ദേശിക്കുന്ന തസ്തികകൾമൂലമുണ്ടാകുന്ന അധിക സാമ്പത്തിക ബാദ്ധ്യത നേരിടുന്നതിനായി ഈ ഇനത്തിൽ ശുപാർശ ചെയ്ത ഒരു കോടി രൂപ അനുവദിച്ച് കിട്ടേണ്ടതാണ്. അധിക തസ്തിക സൃഷ്ടിച്ചതുമായി ബന്ധപ്പെട്ട വിഷയം സർക്കാർ പരിശോധിച്ച് തീരുമാനമെടുക്കേണ്ടതുണ്ട്.

## ശുപാർശ 37

മലബാർ ദേവസ്വം ബോർഡിനുകീഴിലുള്ള ക്ഷേത്രങ്ങളുടെ കോമ്പൗണ്ടിൽ പൂജാപുഷ്പങ്ങൾ ലഭിക്കുന്നതിനാവശ്യമായ പുണ്യവൃക്ഷങ്ങളും ചെടികളും നട്ടുവളർത്തുന്നതിനുള്ള പദ്ധതി നടത്തിപ്പിനായി ഒരു കോടി രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 38)

## സ്വീകരിച്ച നടപടി

മലബാർ ദേവസ്വം ബോർഡിനുകീഴിലുള്ള ക്ഷേത്രങ്ങളുടെ കോമ്പൗണ്ടിൽ പൂജാപുഷ്പങ്ങളും പുണ്യവൃക്ഷങ്ങളും ചെടികളും നട്ടുവളർത്തുന്നതിനുള്ള ഒരു പദ്ധതി തയ്യാറാക്കിയതിന്റെ ഭാഗമായി ബോർഡിന്റെ ഓരോ ഡിവിഷന് കീഴിലുമുള്ള ക്ഷേത്രങ്ങളിൽനിന്ന് ഇതിനാവശ്യമായ ഭൂമി ലഭ്യത, ജലലഭ്യത, സംരക്ഷണം തുടങ്ങിയ കാര്യങ്ങളിൽ വിശദമായ പ്രൊപ്പോസൽ അടിയന്തിരമായി ആവശ്യപ്പെട്ടിരിക്കുകയാണ്. ഇത് ലഭിക്കുന്ന മുറയ്ക്ക് അർഹമായ പ്രൊപ്പോസലിന് ആവശ്യമായ ധനസഹായം നൽകുന്നതിനായി മലബാർ ദേവസ്വം ബോർഡിന്റെ 2010-11 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഈ ഇനത്തിൽ ഒരു കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

## ശുപാർശ 38

ആഗോള താപനം ചെറുക്കുക എന്ന ലക്ഷ്യത്തോടെ ദേവസ്വം-വനം വകുപ്പുകൾ സംയുക്തമായി കേരളത്തിലെ മുഴുവൻ ക്ഷേത്ര ഭൂമിയിലും ക്ഷേത്രങ്ങൾക്ക് യോജിച്ച രീതിയിൽ വനവൽക്കരണം നടത്തുന്നതിന് പദ്ധതി ആവിഷ്ക്കരിച്ചിരിക്കുന്ന സാഹചര്യത്തിൽ പ്രസ്തുത ആവശ്യത്തിലേക്കായി ഒരു കോടി രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 39)

## സ്വീകരിച്ച നടപടി

ദേവസ്വം-വനം വകുപ്പുകൾ ഒന്നിച്ച് ആഗോള താപനം ചെറുക്കുന്നതിനായി കേരളത്തിലെ മുഴുവൻ ക്ഷേത്ര ഭൂമിയിലും ക്ഷേത്രങ്ങൾക്ക് യോജിച്ച രീതിയിൽ വനവൽക്കരണം നടത്തുന്നതിനുള്ള ഹരിത കേരളം/ദേവാരണ്യം പദ്ധതി ആവിഷ്ക്കരിച്ചിരിക്കുന്നതിന്റെ അടിസ്ഥാനത്തിൽ മലബാർ ദേവസ്വം ബോർഡിന്റെകീഴിലുള്ള

ധാരാളം ക്ഷേത്രങ്ങളിൽ ഈ പദ്ധതി നടപ്പിലാക്കുന്നതിനുള്ള പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഇതിനകം ഏകദേശം പതിനായിരത്തോളം വൃക്ഷത്തൈകൾ ഇനിയും വച്ചുപിടിപ്പിക്കാനുള്ള പ്രവർത്തനം ത്വരിതഗതിയിൽ നടന്നുവരികയാണ്. മലബാർ ദേവസ്വം ബോർഡിന്റെ 2010-11 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഈ ഇനത്തിൽ പത്ത് ലക്ഷം രൂപയാണ് വകയിരുത്തിയിട്ടുള്ളത്. ദേവാരണ്യം പദ്ധതിയുടെകീഴിൽ കൂടുതൽ വൃക്ഷത്തൈകൾ വച്ചുപിടിപ്പിക്കുന്നതിന് ആവശ്യമായ തുക അനുവദിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

## ശുപാർശ 39

വടക്കൻ കേരളത്തിലെ ഏറ്റവും പ്രസിദ്ധമായ തിരുനെല്ലി മഹാവിഷ്ണു ക്ഷേത്രത്തിൽ ദർശനത്തിനും ബലികർമ്മങ്ങൾക്കുമായെത്തുന്ന ആയിരക്കണക്കിന് തീർത്ഥാടകർ ജലദൗർലഭ്യംമൂലം വളരെയേറെ ബുദ്ധിമുട്ടുകൾ അനുഭവിക്കുന്നുണ്ട്. ബലികർമ്മത്തിന് മുമ്പും പിമ്പുമുള്ള സ്നാനത്തിന് ജലം ലഭ്യമല്ലാത്ത അവസ്ഥ നിലനിൽക്കുന്നു. ഇതിന് പരിഹാരമായി കാളിന്ദി നദിയിൽ നിന്നും ആവശ്യമായ ജലം ക്ഷേത്രത്തിൽ എത്തിക്കുന്നതിനുള്ള പദ്ധതി ജലവിഭവ വകുപ്പ് പ്രോജക്ട് തയ്യാറാക്കി ഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ട്. ഈ ഇനത്തിൽ 6 കോടി രൂപ ആവശ്യമായിവരുന്നതിനാൽ അത്രയും തുക ടി ആവശ്യത്തിലേക്കായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 40)

## സ്വീകരിച്ച നടപടി

മലബാർ ദേവസ്വം ബോർഡിനുകീഴിൽ വരുന്ന വടക്കൻ കേരളത്തിലെ ഏറ്റവും പ്രസിദ്ധമായ ശ്രീ തിരുനെല്ലി മഹാവിഷ്ണു ക്ഷേത്രത്തിൽ ദർശനത്തിനും ബലികർമ്മങ്ങൾക്കുമായെത്തുന്ന ആയിരക്കണക്കിന് തീർത്ഥാടകർക്കും, പ്രകൃതിഭംഗി ആസ്വദിക്കുന്നതിനും സ്വദേശത്തുനിന്നും, വിദേശത്തുനിന്നും എത്തിച്ചേരുന്ന വിനോദസഞ്ചാരികളുടെയും മറ്റും ആവശ്യങ്ങൾക്ക് വെള്ളം അത്യാവശ്യമായതിനാൽ സർക്കാരിന്റെ നീർത്തട സംരക്ഷണത്തിൽ ശ്രീ തിരുനെല്ലി ക്ഷേത്രത്തെകൂടി ഉൾപ്പെടുത്തി ജലസേചനവകുപ്പുമായി ചേർന്ന് പദ്ധതി നടപ്പിലാക്കാൻ നടപടി സ്വീകരിക്കുന്നതാണ്.

## ശുപാർശ 40

മലബാർ ദേവസ്വം ബോർഡിനുകീഴിലുള്ള അഞ്ച് ഡിവിഷണൽ ഓഫീസുകൾക്കും ക്ഷേത്ര പരിശോധനയ്ക്കും അംശദായ പിരിവിനുമായി ഓരോ വാഹനങ്ങൾ വാങ്ങുന്നതിനും നിലവിലുള്ള മൂന്ന് വാഹനങ്ങളുടെ ഇന്ധന ചെലവ്, അറ്റകുറ്റപ്പണികൾ എന്നിവയ്ക്കായി 2 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 41)

സ്വീകരിച്ച നടപടി

മലബാർ ദേവസ്വം ബോർഡിനുകീഴിലുള്ള അഞ്ച് ഡിവിഷണൽ ഓഫീസുകൾക്കും ക്ഷേത്ര പരിശോധനയ്ക്കും അംശദായ പിരിവിനുമായി ഓരോ വാഹനങ്ങൾ വാങ്ങുന്നതിനുള്ള അനുമതിക്കായി ഈ ഓഫീസിലെ ജെ1-1232/2010 തീയതി 11-5-2010 പ്രകാരം സർക്കാരിലേക്ക് ശുപാർശ സമർപ്പിച്ചിട്ടുണ്ട്. പുതിയ വാഹനങ്ങൾ വാങ്ങുന്നതിലേക്കായി 35 ലക്ഷം രൂപയും നിലവിലുള്ള വാഹനങ്ങൾക്കുള്ള അറ്റകുറ്റപ്പണി, സ്പെയർപാർട്സ് വില, ഇൻഷ്വറൻസ്, ഇന്ധന ചെലവ് എന്നിവയ്ക്കായി 30 ലക്ഷം രൂപയും 2010-11 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

ശുപാർശ 41

തിരുവനന്തപുരം എസ്.എം.വി. മോഡൽ ഹയർ സെക്കന്ററി സ്ക്കൂൾ കോംമ്പൗണ്ടിൽ സ്ഥിതി ചെയ്യുന്ന അമ്പലത്തിലെ പൂജാരിക്ക് നൽകിവരുന്ന പ്രതിമാസ വേതനം 300 രൂപയിൽ നിന്നും 500 രൂപയായി പുതുക്കി നൽകുന്നതിന് ബഡ്ജറ്റ് വിഹിതം 6,000 രൂപയായി ഉയർത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 42)

സ്വീകരിച്ച നടപടി

തിരുവനന്തപുരം എസ്.എം.വി. മോഡൽ ഹയർ സെക്കന്ററി സ്ക്കൂൾ കോംമ്പൗണ്ടിൽ സ്ഥിതി ചെയ്യുന്ന അമ്പലത്തിലെ പൂജാരിക്ക് കമ്മിറ്റി ശുപാർശ ചെയ്തപ്രകാരം പ്രതിമാസ വേതനം 500 രൂപയായി ഉയർത്തി നൽകുന്നതിന് സർക്കാർ ഉത്തരവായിട്ടുണ്ട്.

## സമിതിയുടെ നിർദ്ദേശങ്ങൾ

ശുപാർശ 2

വില്ലേജ് ഓഫീസുകളുടെ ആവശ്യത്തിലേക്കായി എല്ലാ വില്ലേജ് ഓഫീസുകൾക്കും ടൂ വീലർ വാങ്ങി നൽകുന്നതിനും പെട്രോൾ അലവൻസ് അനുവദിക്കുന്നതിനും നടപടി കൈക്കൊള്ളണം എന്ന് സമിതി നിർദ്ദേശിച്ചു.

ശുപാർശ 3

ഇടുക്കി ജില്ലയിലെ കുമളിയിൽ പ്രവർത്തിച്ചുവരുന്ന കാർഡമം സെറ്റിൽമെന്റ് ഓഫീസ് സംവിധാനം ആധുനികവൽക്കരിക്കണമെന്നും ആവശ്യമായ വാഹനം, ഫോട്ടോകോപ്പിയർ എന്നിവ ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കണമെന്നും സമിതി നിർദ്ദേശിച്ചു.

ശുപാർശ 11

3475-00-201-89 എന്ന ശീർഷകത്തിൽ സമിതി ശുപാർശ ചെയ്തപ്രകാരമുള്ള തുകതന്നെ വകയിരുത്തണമെന്ന് സമിതി നിർദ്ദേശിച്ചു.

ശുപാർശ 12

റീ അപ്രോപ്രിയേഷൻ പ്രൊപ്പോസലുകൾ കൃത്യസമയത്തുതന്നെ സമർപ്പിക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

ശുപാർശ 14

റവന്യൂ വകുപ്പിലെ അപ്രന്റീസുകൾക്ക് നൽകിവരുന്ന സ്റ്റൈപ്പന്റ് തുക തീരെ അപര്യാപ്തമായതിനാൽ ആയത് 4500 രൂപയായി വർദ്ധിപ്പിക്കണമെന്ന് സമിതി നിർദ്ദേശിച്ചു

ശുപാർശ 16

അമ്പത് ശതമാനം കേന്ദ്രസഹായം ലഭിക്കുന്ന ഈ പ്രോജക്ടിന് മാച്ചിംഗ് എമൗണ്ട് ബഡ്ജറ്റിൽ ഉൾപ്പെടുത്തിയാൽ മാത്രമേ ഇന്ത്യാ ഗവൺമെന്റിൽനിന്ന് മാച്ചിംഗ് ഗ്രാന്റ് ലഭിക്കുകയുള്ളൂ. ആയതിനാൽ, ആവശ്യമായ തുക വകയിരുത്താൻ നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

ശുപാർശ 17

തിരുവനന്തപുരം, കോട്ടയം, തൃശ്ശൂർ, കോഴിക്കോട്, കണ്ണൂർ ജില്ലകളിലുള്ള 5 സർക്കാർ സർവ്വെ സ്കൂളുകളും എല്ലാ ആധുനിക സജ്ജീകരണങ്ങളോടുംകൂടി നവീകരിക്കുന്നതിനും, പ്രസ്തുത സ്ഥാപനത്തിന്റെ പേര് Kerala Institute of Modern Survey എന്നാക്കി മാറ്റുന്നതിനും നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

2010-2011 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ ശുപാർശയിന്മേൽ മറുപടി ലഭ്യമാക്കേണ്ട ഖണ്ഡിക സംബന്ധിച്ച സ്റ്റേറ്റ്മെന്റ്.

| വകുപ്പ് | ശുപാർശ ഖണ്ഡിക |
|---|---|
| റവന്യൂ | 8 |

തിരുവഞ്ചൂർ രാധാകൃഷ്ണൻ,
*ചെയർമാൻ,*
*സബ്ജക്ട് കമ്മിറ്റി II.*

തിരുവനന്തപുരം,
2011 നവംബർ 3.